കേന്ദ്ര ഗവൺമെൻറ്
നിയമ ന്യായ കമ്പനി മന്ത്രാലയം

121

# ഇൻഡ്യൻ ഡാക്ക് തൊഴിലാളികൾ ആക്റ്റ്, 1934

**(1934-ലെ 19)**


യൂണിയൻ ഗവൺമെൻറിനുവേണ്ടി കേരള ഗവൺമെൻറ് പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെൻറ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്

1977

വില : [illegible]

കേന്ദ്ര ഗവൺമെൻറ്
നിയമ ന്യായ കമ്പനി മന്ത്രാലയം.

# ഇൻഡ്യൻ ഡാക്ക് തൊഴിലാളികൾ ആക്റ്റ്, 1934

(1934-ലെ 19)

യൂണിയൻ ഗവൺമെൻറിനുവേണ്ടി കേരള ഗവൺമെൻറ് പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെൻറ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്

1977

-59

4. ഇൻസ്പെക്ററർമാരുടെ അധികാരങ്ങൾ.— 6-ാം വകുപ്പിൻകീഴിൽ ഇതിലേക്ക് ഉണ്ടാക്കുന്ന ഏതെങ്കിലും ചട്ടങ്ങൾക്ക് വിധേയമായി, ഇൻസ്പെക്ററർക്ക്, താൻ നിയമിക്കപ്പെടുന്ന തദ്ദേശാതിർത്തികൾക്കുള്ളിൽ,—

(ക) പ്രക്രിയകൾ നടത്തിക്കൊണ്ടുപോകുന്ന ഏതെങ്കിലും കെട്ടിടപരിസരങ്ങളിലോ കപ്പലിലോ യുക്തമെന്നു തോന്നുന്ന അസിസ്ററൻറുമാരോടുകൂടി (വല്ലവരുമുണ്ടെങ്കിൽ) പ്രവേശിക്കുകയും;

(ഖ) കെട്ടിടപരിസരങ്ങളും അല്ലെങ്കിൽ കപ്പലിൻേറയും പ്രക്രിയകൾക്ക് ഉപയോഗിക്കുന്ന, ഉറപ്പിച്ചതോ ഉറപ്പിക്കാത്തതോ ആയ മെഷീനറിയുടേയും ഗീയറിൻേറയും നിർണ്ണയിക്കപ്പെടുന്ന ഏതെങ്കിലും രജിസ്ററുകളുടേയും നോട്ടീസുകളുടേയും, ഈ ആക്ററിൻെറ ആവശ്യങ്ങൾ നടപ്പാക്കുന്നതിന് ആവശ്യകമാണെന്ന് താൻ കരുതുന്ന പരിശോധന ചെയ്യുകയും, ഏതെങ്കിലും ആളുടെ, അങ്ങനെയുള്ളതാണെന്ന് താൻ കരുതുന്ന തെളിവ്, സ്ഥലത്തുവച്ചോ അല്ലാതേയോ എടുക്കുകയും;

(ഗ) 5-ാം വകുപ്പിൻകീഴിൽ ഉണ്ടാക്കുന്ന റഗുലേഷനുകൾ തനിക്ക് നല്കുന്ന മറേറതെങ്കിലും അധികാരങ്ങൾ പ്രയോഗിക്കുകയും;

ചെയ്യാവുന്നതാണ്.

5. റഗുലേഷനുകൾ ഉണ്ടാക്കാൻ കേന്ദ്ര ഗവൺമെൻറിനുള്ള അധികാരം.— (1) കേന്ദ്ര ഗവൺമെൻറിന്—

(ക) കടൽത്തീരത്തുള്ള പ്രവൃത്തിസ്ഥലങ്ങളുടേയും, തൊഴിലാളകൾക്ക് പ്രക്രിയകൾ നടത്തിക്കൊണ്ടുപോകുന്ന ഒരു പ്രവൃത്തിസ്ഥലത്തേയ്ക്കോ, അവിടെനിന്നോ പോകാൻ ഉപയോഗിക്കേണ്ടതും ഡാക്കിൻമേലോ, പാതാറിൻമേലോ കേയിൻമേലോ സദൃശസ്ഥലങ്ങളിൻമേലോ കൂടിയുള്ളതുമായ ഏതെങ്കിലും പതിവ് സമീപനമാർഗ്ഗങ്ങളുടേയും രക്ഷയ്ക്കും അങ്ങനെയുള്ള സ്ഥലങ്ങളിലും സമീപനമാർഗ്ഗങ്ങളിലും, വെളിച്ചത്തിനും അവ കെട്ടിയടയ്ക്കുന്നതിനും ഏർപ്പാടുചെയ്യുന്നതും;

(ഖ) ഒരു കേയുടേയോ ഹൾക്കിൻേറയോ മററ് ജലയാനത്തിൻേറയോ വശത്തായി കിടക്കുന്ന ഒരു കപ്പലിലേക്കോ, അതിൽനിന്നോ പോകുന്ന തൊഴിലാളികളുടെ ഉപയോഗത്തിന് ഏർപ്പെടുത്തേണ്ട പ്രവേശനമാർഗ്ഗത്തിൻെറ പ്രകൃതം നിർണ്ണയിക്കുന്നതും;

(ഗ) ഒരു കപ്പലിലേക്കോ അതിൽനിന്നോ ജലമാർഗ്ഗമായി പോകുന്ന തൊഴിലാളികളുടെ സുരക്ഷിതമായ പരിവഹണം ഉറപ്പുവരുത്തുന്നതിന് എടുക്കേണ്ട നടപടികളും, ആ ആവശ്യത്തിന് ഉപയോഗിക്കുന്ന ജലയാനങ്ങൾ അനുസരിക്കേണ്ട ഉപാധികളും നിർണ്ണയിക്കുന്നതും;

(ഘ) തൊഴിലാളികളുടെ ഉപയോഗത്തിനായി ഒരു കപ്പലിൻെറ ഡെക്കിൽനിന്ന് പ്രക്രിയകൾ നടത്തിക്കൊണ്ടുപോകുന്ന ഹോൾഡിലേക്ക് ഏർപ്പെടുത്തേണ്ട പ്രവേശനമാർഗ്ഗത്തിൻെറ പ്രകൃതം നിർണ്ണയിക്കുന്നതും;

(ങ) തൊഴിലാളികൾക്ക് പ്രവേശനമുള്ള ഹാച്ച്വേകളുടേയും, ഡെക്കിലെ അവർക്ക് അപായകരമായേക്കാവുന്ന മററ് ദ്വാരങ്ങളുടേയും രക്ഷയ്ക്ക് എടുക്കേണ്ട നടപടികൾ നിർണ്ണയിക്കുന്നതും;

(ച) പ്രക്രിയകൾ നടത്തിക്കൊണ്ടുപോകുന്ന കപ്പലുകളിലേക്കുള്ള പ്രവേശനമാർഗ്ഗത്തിലും, കപ്പലിൽ തൊഴിലാളികൾ നിയോജിക്കപ്പെടുന്നതോ അവരോട് പോകാൻ ആവശ്യപ്പെടുന്നതോ ആയ എല്ലാ സ്ഥലങ്ങളിലും പര്യാപ്തമായ വെളിച്ചത്തിന് ഏർപ്പാടുചെയ്യുന്നതും;

(ഛ) ഹാർച്ചുമൂടികളും ഹാർച്ചുമൂടികൾ ഉപയോഗിക്കുന്ന തുലാങ്ങളും നീക്കം ചെയ്യുന്നതിലോ പകരം വയ്ക്കുന്നതിലോ ഏർപ്പെടുന്ന തൊഴിലാളികളുടെ രക്ഷയ്ക്ക് ഏർപ്പാടുചെയ്യുന്നതും ;

(ജ) യാതൊരു ഹായിസ്ററ് യന്ത്രവും, അല്ലെങ്കിൽ അതുസംബന്ധിച്ച് ഉപയോഗിക്കുന്ന ഗീയറും, അത് ഉറപ്പിച്ചതോ ഉറപ്പിക്കാത്തതോ ആയാലും, അത് സുരക്ഷിതമായി പ്രവർത്തിക്കുന്ന സ്ഥിതിയിലല്ലാത്തപക്ഷം, കടൽത്തീരത്തോ കപ്പലിലോ ഉള്ള പ്രക്രിയകളിൽ ഉപയോഗിക്കപ്പെടുന്നതല്ലെന്ന് ഉറപ്പുവരുത്താൻ എടുക്കേണ്ട നടപടികൾ നിർണ്ണയിക്കുന്നതും ;

(ഝ) മെഷിനറിയും സജീവവൈദ്യുത ചാലകങ്ങളും ആവിക്കുഴലുകളും കെട്ടിയടയ്ക്കാൻ ഏർപ്പാടുചെയ്യുന്നതും ;

(ഞ) ഡെറിക്കുകളിലും ക്രെയിനുകളിലും വിഞ്ചുകളിലും രക്ഷോപകരണങ്ങൾ ഏർപ്പെടുത്തുന്നത് ക്രമപ്പെടുത്തുന്നതും ;

(ട) പുറന്തള്ളപ്പെടുന്ന ആവിയും സക്രിയമായ ആവിയും സംബന്ധിച്ച് പാലിക്കേണ്ട മുൻകരുതലുകൾ നിർണ്ണയിക്കുന്നതും ;

(ഠ) പ്രക്രിയകളിൽ ഉപയോഗിക്കുന്ന ഉയർത്താനുള്ള മെഷിനറിയോ പരിവഹണ മെഷിനറിയോ പ്രവർത്തിപ്പിക്കാനോ, അങ്ങനെയുള്ള മെഷിനറിയുടെ ഡ്രൈവർക്ക് സിഗ്നലുകൾ നല്കാനോ, വിഞ്ചിന്റെ അററങ്ങളിലോ, വിഞ്ച് ഡ്രമ്മുകളിലോ ചരക്കു വീഴുന്നത് നോക്കാനോ ക്ഷമതയുള്ളവരും വിശ്വസിക്കാവുന്നവരുമായ ആളുകളെ നിയോജിക്കാൻ ആവശ്യപ്പെടുന്നതും, തൊഴിലാളികളുടെ രക്ഷയ്ക്ക് സിഗ്നലറുടെ നിയോജനം ആവശ്യമായിട്ടുള്ളിടത്ത്, അത് ഏർപ്പാട് ചെയ്യുന്നതും ;

(ഡ) കപ്പൽ ചരക്ക്, അട്ടിയായി വയ്ക്കുന്നതിനും അട്ടി മാററുന്നതിനും, അടുക്കിവയ്ക്കുന്നതിനും അടുക്കു മാററുന്നതിനും, അല്ലെങ്കിൽ അതു സംബന്ധിച്ച് എടുത്തു പെരുമാറുന്നതിനും, ഉള്ള അപായകരമായ പ്രവൃത്തി സമ്പ്രദായങ്ങൾ തടയുവാൻവേണ്ടി എടുക്കേണ്ട നടപടികൾ നിർണ്ണയിക്കുന്നതും ;

(ഢ) ഹോൾഡിലോ ഡെക്കുകൾക്ക് ഇടയിലോ കൽക്കരിയോ പായ്ക്കു ചെയ്തതല്ലാത്ത മററു കപ്പൽ ചരക്കോ കൈകാര്യം ചെയ്യുന്നതിൽ നിയോജിക്കപ്പെട്ടിരിക്കുമ്പോൾ, തൊഴിലാളികൾക്ക് രക്ഷപ്പെടാൻ സൗകര്യമുണ്ടാക്കാൻ എടുക്കേണ്ട മുൻകരുതലുകൾ നിർണ്ണയിക്കുന്നതും ;

(ണ) ചാരുകളും ട്രക്കുകളും ഉപയോഗിക്കുന്നതിൽ പാലിക്കേണ്ട മുൻകരുതലുകൾ നിർണ്ണയിക്കുന്നതും ;

(ത) തൊഴിലാളികൾക്ക് അപായകരമോ ഹാനികരമോ ആയ സാമാനങ്ങൾ അടുക്കി വയ്ക്കുന്നിടത്തോ, അടുക്കിവച്ചിട്ടുള്ളിടത്തോ പ്രവൃത്തി ചെയ്യേണ്ടിയിരിക്കുകയോ, അല്ലെങ്കിൽ അങ്ങനെയുള്ള സാമാനങ്ങൾ കൈകാര്യം ചെയ്യുകയോ അവയുടെ സമീപത്ത് പ്രവൃത്തി ചെയ്യുകയോ ചെയ്യേണ്ടിവരികയോ ചെയ്യുമ്പോൾ, പാലിക്കേണ്ട മുൻകരുതലുകൾ നിർണ്ണയിക്കുന്നതും ;

(ഥ) ക്ഷതിയുളവാക്കപ്പെട്ട തൊഴിലാളികൾക്ക് പ്രഥമ ശുശ്രൂഷ നല്കുന്നതിനും, ഏററവും അടുത്തുള്ള ചികിൽസാ സ്ഥലത്തേക്ക് അവരെ നീക്കംചെയ്യുന്നതിനും ഏർപ്പാടുചെയ്യുന്നതും ;

(ദ) മുങ്ങിയിട്ടുള്ള തൊഴിലാളികളെ മുങ്ങിച്ചാകുന്നതിൽനിന്ന് രക്ഷപ്പെടുത്താൻ ചെയ്യേണ്ട ഏർപ്പാട് നിർണ്ണയിക്കുന്നതും ;

(ധ) ഈ ആക്ററിന്റെയും, റഗുലേഷനുകളുടെയും 8-ാം വകുപ്പ് ആവശ്യപ്പെടുന്ന ചുരുക്കങ്ങൾ നിർണ്ണയിക്കുന്നതും ;

(ന) അപകടങ്ങളേയും അപായകരമായ സംഭവങ്ങളേയും കുറിച്ചുള്ള നോട്ടീസുകൾ സമർപ്പിക്കാൻ വ്യവസ്ഥ ചെയ്യുന്നതും, അങ്ങനെയുള്ള നോട്ടീസുകളുടെ ഫാറങ്ങളും അവ നല്കപ്പെടേണ്ട ആളുകളേയും അധികാരസ്ഥാനങ്ങളേയും അവയിൽ അടങ്ങേണ്ട വിവരങ്ങളും, അവ സമർപ്പിക്കേണ്ടത് ഏതു സമയത്തിനുള്ളിലാണെന്നുള്ളതും നിർണ്ണയിക്കുന്നതും;

(പ) ഈ ആക്ററിൻകീഴിലുണ്ടാക്കുന്ന റഗുലേഷനുകൾ അനുസരിച്ച് പ്രവർത്തിക്കാൻ ഉത്തരവാദിയായിരിക്കേണ്ട ആളുകളേയും അധികാരസ്ഥാനങ്ങളേയും വിനിർദ്ദേശിക്കുന്നതും;

(ഫ) ഈ വകുപ്പിൻകീഴിലുണ്ടാക്കുന്ന റഗുലേഷനുകളിൽ ഏതിലെങ്കിലും നിന്ന് ഒഴിവാക്കൽ നല്കാവുന്നത് ഏതു പരിതഃസ്ഥിതികളിലും, ഏത് ഉപാധികൾക്ക് വിധേയമായുമാണെന്ന് നിർവ്വചിക്കുന്നതും, അങ്ങനെയുള്ള ഒഴിവാക്കലുകൾ നല്കാവുന്ന അധികാരസ്ഥാനങ്ങളെ വിനിർദ്ദേശിക്കുന്നതും അവയുടെ നടപടിക്രമം ക്രമപ്പെടുത്തുന്നതും;

(ബ) 4-ാം വകുപ്പ് (ഗ) ഖണ്ഡത്തിൻകീഴിൽ ഇൻസ്പെക്ററർമാർക്ക് പ്രയോഗിക്കാവുന്ന കൂടുതൽ അധികാരങ്ങൾ നിർവ്വചിക്കുന്നതും;

(ഭ) തൊഴിലാളികളുടെ രക്ഷയ്ക്ക് സാമാന്യമായി ഏർപ്പാടുചെയ്യുന്നതും;

ആയ റഗുലേഷനുകൾ ഉണ്ടാക്കാവുന്നതാണ്.

(2) ഈ വകുപ്പിൻകീഴിലുണ്ടാക്കുന്ന റഗുലേഷനുകൾക്ക്, ഏതെങ്കിലും പ്രത്യേക തുറമുഖത്തിന്റേയോ തുറമുഖങ്ങളുടേയോ പ്രത്യേക ആവശ്യങ്ങൾ നേരിടുന്നതിന് പ്രത്യേക വ്യവസ്ഥകൾ ഉണ്ടാക്കാവുന്നതാണ്.

(3) കേന്ദ്ര ഗവൺമെന്റിന്, ഈ വകുപ്പിൻകീഴിൽ ഒരു റഗുലേഷൻ ഉണ്ടാക്കുന്നതിൽ, അതിന്റെ ലംഘനം അഞ്ഞൂറു രൂപയോളമാകാവുന്ന പിഴശിക്ഷ നല്കിയും, ലംഘനം, തുടരുന്ന ലംഘനമാകുമ്പോൾ, ലംഘനം തുടരുന്ന ആദ്യദിവസത്തിന് ശേഷമുള്ള ഓരോ ദിവസത്തിനും ഇരുപത്തഞ്ചു രൂപയോളമാകാവുന്ന കൂടുതൽ പിഴശിക്ഷ നല്കിയും ശിക്ഷിക്കപ്പെടുന്നതാണെന്ന് നിദേശിക്കാവുന്നതാണ്.

6. ചട്ടങ്ങൾ ഉണ്ടാക്കാൻ കേന്ദ്ര ഗവൺമെന്റിനുള്ള അധികാരം.—കേന്ദ്ര ഗവൺമെന്റിന്—

(ക) പ്രക്രിയകൾ നടത്തിക്കൊണ്ടുപോകുന്ന കെട്ടിടപരിസരങ്ങളുടേയോ കപ്പലുകളുടേയോ പരിശോധനയും,

(ഖ) ഇൻസ്പെക്ററർമാർ, ഈ ആക്ററ് അവർക്ക് നല്കുന്ന അധികാരങ്ങൾ പ്രയോഗിക്കേണ്ട രീതിയും,

ക്രമപ്പെടുത്തുന്ന ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

7. റഗുലേഷനുകളും ചട്ടങ്ങളും സംബന്ധിച്ച സാമാന്യ വ്യവസ്ഥകൾ.—(1) റഗുലേഷനുകളും ചട്ടങ്ങളും ഉണ്ടാക്കാൻ 5-ം, 6-ം വകുപ്പുകൾ നല്കുന്ന അധികാരം, റഗുലേഷനുകളും ചട്ടങ്ങളും മുൻകൂട്ടി പ്രസിദ്ധപ്പെടുത്തിയതിനു ശേഷം ഉണ്ടാക്കണമെന്ന ഉപാധിക്കു വിധേയമാകുന്നു.

(2) റഗുലേഷനുകളും ചട്ടങ്ങളും ഔദ്യോഗിക ഗസററിൽ പ്രസിദ്ധപ്പെടുത്തേണ്ടതാകുന്നു.

8. ആക്ററിന്റേയും റഗുലേഷനുകളുടേയും അബ്സ്ട്രാക്ററുകൾ ശ്രദ്ധയാകർഷിക്കത്തക്കവിധം പതിക്കണമെന്ന്.—പ്രക്രിയകൾ നടത്തിക്കൊണ്ടുപോകുന്ന ഓരോ ഡാക്കിന്റേയും, പാതാറിന്റേയും, കേയുടേയും, സദൃശസ്ഥല

ങ്ങളുടേയും മുഖ്യ പ്രവേശനദ്വാരത്തിനടുത്ത് ഉള്ള ഏതെങ്കിലും ശ്രദ്ധയാകർഷിക്കത്തക്ക സ്ഥലത്ത്, ഇംഗ്ലീഷിലും ഭൂരിപക്ഷം തൊഴിലാളികളുടെ ഭാഷയിലും, ഈ ആക്ററിൻേറയും അതിൻകീഴിലുണ്ടാക്കുന്ന റഗുലേഷനുകളുടേയും, റഗുലേഷനുകൾ നിർണ്ണയിക്കുന്ന അബ്സ്ട്രാക്ററുകൾ പതിച്ചിരിക്കേണ്ടതാകുന്നു.

9. ദണ്ഡനങ്ങൾ.—ആരാണോ—

(ക) ഒരു ഇൻസ്പെക്ററെ 4-ാം വകുപ്പിൻകീഴിലെ ഏതെങ്കിലും അധികാരം പ്രയോഗിക്കുന്നതിൽ മനഃപൂർവ്വം തടസ്സപ്പെടുത്തുകയോ, ഈ ആക്ററിൻകീഴിലുണ്ടാകുന്ന റഗുലേഷനുകൾക്ക് അനുസൃതമായി വച്ചുപോരുന്ന ഏതെങ്കിലും രജിസ്ററുകളോ മററു രേഖകളോ, അല്ലെങ്കിൽ പ്രക്രിയകൾക്ക് ഉപയോഗിക്കുന്ന ഏതെങ്കിലും ഗീയറോ, അത് ഉറപ്പിച്ചതോ ഉറപ്പിക്കാത്തതോ ആയാലും, ഇൻസ്പെക്ററർ ആവശ്യപ്പെടുമ്പോൾ ഹാജരാകാതിരിക്കുകയോ, അല്ലെങ്കിൽ ഒരു ഇൻസ്പെക്ററുടെ മുമ്പാകെ ഹാജരാകുന്നതിൽനിന്നോ ഇൻസ്പെക്ററാൽ വിസ്തരിക്കപ്പെടുന്നതിൽനിന്നോ ഏതെങ്കിലും ആളെ ഒളിപ്പിക്കുകയോ തടയുകയോ തടയാൻ ശ്രമിക്കുകയോ, അല്ലെങ്കിൽ

(ഖ) ഈ ആക്ററിൻകീഴിലുണ്ടാക്കുന്ന റഗുലേഷനുകളോ റഗുലേഷനുകളിൻകീഴിലോ, ഏർപ്പെടുത്തണമെന്ന് ആവശ്യപ്പെടുന്ന ഏതെങ്കിലും കെട്ടിയടപ്പോ, ഗാങ്ങ്വേയോ, ഗീയറോ, ഏണിയോ, ജീവരക്ഷയ്ക്കുള്ള ഉപായമോ ഉപകരണമോ, അല്ലെങ്കിൽ ദീപമോ, ചിഹ്നമോ, ചാരോ മററു സാധനമോ മുറപ്രകാരം പ്രാധികാരപ്പെടുത്താതേയോ ആവശ്യമുള്ള സംഗതിയിലല്ലാതേയോ, നീക്കം ചെയ്യുകയോ ; അല്ലെങ്കിൽ

(ഗ) അങ്ങനെയുള്ള ഏതെങ്കിലും കെട്ടിയടപ്പോ, ഗാങ്ങ്വേയോ, ഗീയറോ, ഏണിയോ, ജീവരക്ഷയ്ക്കുള്ള ഉപായമോ, ഉപകരണമോ, ദീപമോ, ചിഹ്നമോ, ചാരോ, മററു സാധനമോ ആവശ്യമുള്ള സംഗതിയിൽ നീക്കം ചെയ്തിരിക്കെ, അതു നീക്കം ചെയ്യുന്നത് ആവശ്യമായിരുന്ന കാലാവധിയുടെ അവസാനം തിരിയെ വയ്ക്കാതിരിക്കുകയോ ;

ചെയ്യുന്നത്, അങ്ങനെയുള്ള ഏതെങ്കിലും ആൾ അഞ്ഞൂറു രൂപയോളമാകാവുന്ന പിഴശിക്ഷ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

10. അധികാരിത സംബന്ധിച്ച വ്യവസ്ഥകൾ.—(1) ഒരു പ്രസിഡൻസി മജിസ്ട്രേററിൻേറയോ ഒരു ഒന്നാംക്ലാസ് മജിസ്ട്രേററിൻേറയോ കോടതിക്ക് താഴെയുള്ള യാതൊരു കോടതിയും, ഈ ആക്ററിനോ അതിൻകീഴിലുണ്ടാക്കുന്ന റഗുലേഷനുകൾക്കോ കീഴിലെ ഏതെങ്കിലും കുററം വിചാരണചെയ്യാൻ പാടുള്ളതല്ല.

(2) ഈ ആക്ററിനോ അതിൻകീഴിലുണ്ടാക്കുന്ന റഗുലേഷനുകൾക്കോ കീഴിലെ ഏതെങ്കിലും കുററത്തിനുള്ള യാതൊരു പ്രാസിക്യൂഷനും, ഒരു ഇൻസ്പെക്ററാലോ, ഒരു ഇൻസ്പെക്ററുടെ മുൻകൂട്ടിയുള്ള അനുമതിയോടുകൂടിയോ അല്ലാതെ ആരംഭിക്കാൻ പാടുള്ളതല്ല.

(3) യാതൊരു കോടതിയും, ഈ ആക്ററിനോ, അതിൻകീഴിലുണ്ടാക്കുന്ന റഗുലേഷനുകൾക്കോ കീഴിലെ ഏതെങ്കിലും കുററം, അതിനെക്കുറിച്ചുള്ള പരാതി കുററം ചെയ്തതായി പറയപ്പെടുന്ന തീയതി മുതൽ ആറുമാസത്തിനുള്ളിൽ ബോധിപ്പിക്കാത്തപക്ഷം, നടപടിയെടുക്കാൻ പാടുള്ളതല്ല.

11. ഒഴിവാക്കാനുള്ള അധികാരം.—കേന്ദ്ര ഗവൺമെൻറിന്—

(ക) പ്രക്രിയകൾ ചിലപ്പോൾ മാത്രം നടത്തിക്കൊണ്ടുപോകുന്നതോ, അല്ലെങ്കിൽ ഗതാഗതം ചുരുങ്ങിയതും, ചെറിയ കപ്പലുകളിൽ മാത്രമുള്ളതായി

ഒതുങ്ങിനില്ക്കുന്നതും, ഏതെങ്കിലും തുറമുഖത്തേയോ, സ്ഥലത്തേയോ, ഡാക്കിനേയോ, പാതാറിനേയോ, കേയേയോ, മററ് സദൃശ പരിസരത്തിനേയോ; അല്ലെങ്കിൽ

(ഖ) വിനിർദ്ദിഷ്ടമായ ഏതെങ്കിലും കപ്പലിനേയോ, തരം കപ്പലിനേയോ, തരം കപ്പലുകളേയോ,

ഈ ആക്ററിലേയും അതിൻകീഴിലുണ്ടാക്കുന്ന റഗുലേഷനുകളിലേയും എല്ലാ വ്യവസ്ഥകളിൽനിന്നുമോ, അവയിൽ ഏതിലെങ്കിലും നിന്നുമോ, യുക്തമെന്ന് തോന്നുന്ന ഉപാധികൾ വല്ലതുമുണ്ടെങ്കിൽ, അവയ്ക്ക് വിധേയമായി, ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി ഒഴിവാക്കാവുന്നതാണ്.

12. <u>ഈ ആക്ററിൻകീഴിൽ പ്രവർത്തിക്കുന്ന ആളുകൾക്കുള്ള സംരക്ഷണം.</u>—ഈ ആക്ററിൻകീഴിൽ ഉത്തമവിശ്വാസപൂർവ്വം ചെയ്യുന്നതോ ചെയ്യാൻ ഉദ്ദേശിക്കുന്നതോ ആയ എന്തിനെങ്കിലും ഏതെങ്കിലും ആൾക്ക് എതിരായി, യാതൊരു വ്യവഹാരവും, പ്രാസിക്യൂഷനും, അല്ലെങ്കിൽ മററു നിയമനടപടിയും നിലനില്ക്കുന്നതല്ല.

---